# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:13.08.2024**

### പ്രധാനവാർത്തകൾ

1. ഹർ ഘർ തിരംഗ പരിപാടിയോട് അനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന ബൈക്ക് റാലി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഫ്ലാഗ് ഓഫ് ചെയ്തു.

2. വയനാട് ഉരുൾപൊട്ടലിൽ കാണാതായവർക്കു വേണ്ടിയുള്ള തെരച്ചിൽ പുരോഗമിക്കുന്നു; ഉരുൾപൊട്ടൽ ബാധിതരുടെ പുനരധിവാസത്തിന് ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികളാണ് ആവശ്യമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.

3. വയനാട്ടിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ അഞ്ചംഗ വിദഗ്ധ സംഘം പരിശോധന ആരംഭിച്ചു ; പ്രദേശങ്ങളിലെയും അനുബന്ധ മേഖലകളിലേയും അപകടസാധ്യതകൾ വിലയിരുത്തും.

4. പാരിസ് ഒളിമ്പിക്സിൽ പങ്കെടുത്ത ഇന്ത്യൻ താരങ്ങൾക്ക് ന്യൂഡൽഹിയിൽ ഉജ്ജ്വല വരവേൽപ്പ്.

5. സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യത ; ഇന്ന് പത്തനംതിട്ട, ഇടുക്കി, ജില്ലകളിൽ ഓറഞ്ച് ജാഗ്രത; 10 ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു.

*************************

RNU TVPM

## ഹർ ഘർ തിരംഗ

രാജ്യത്തെ വീടുകളിൽ ത്രിവർണ്ണ പതാക ഉയർത്താൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഹർ ഘർ തിരംഗ പരിപാടിയോട് അനുബന്ധിച്ച് രാജ്യത്തുടനീളം വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് രാവിലെ നടന്ന ഹർ ഘർ തിരംഗ ബൈക്ക് റാലി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഫ്ലാഗ് ഓഫ് ചെയ്തു. ആസാദി കാ അമൃത് മഹോത്സവത്തോടനുബന്ധിച്ച് ആരംഭിച്ച 'ഹർ ഘർ തിരംഗ' കാമ്പയിൻ ഇപ്പോൾ വലിയ പ്രചാരം നേടിയതായി ഉപരാഷ്ട്രപതി പറഞ്ഞു. കേന്ദ്രമന്ത്രിമാരായ ഗജേന്ദ്ര സിങ് ഷെഖാവത്ത്, കിരൺ റിജുജു എന്നിവർ സന്നിഹിതരായിരുന്നു.

*************************

## അമിത് ഷാ

ഹർ ഘർ തിരംഗ പ്രചാരണത്തിന്റെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിലെ അഹമ്മദാബാദിൽ തിരംഗ യാത്ര ഫ്ലാഗ് ഓഫ് ചെയ്യും. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ യാത്രയിൽ പങ്കെടുക്കും.

RNUTVPM

*************************

## ഹർ ഘർ തിരംഗ - കണ്ണൂർ

ഹർ ഘർ തിരംഗ അഭിയാന്റെ ഭാഗമായി സംസ്ഥാനത്തുടനീളം വിവിധ പരിപാടികൾ പുരോഗമിക്കുന്നു. കണ്ണൂരിൽ കൂത്തുപറമ്പ് തലശ്ശേരി മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് യുവമോർച്ചയുടെ നേതൃത്വത്തിൽ ഇന്ന് റാലി നടത്തും.

*************************

## ദൃശ്യങ്ങൾ- സംപ്രേക്ഷണം

പ്രകൃതി ദുരന്തങ്ങളുടെ ദൃശ്യങ്ങൾ സംപ്രേക്ഷണം ചെയ്യുമ്പോൾ തീയതിയും സമയവും ദൃശ്യത്തിൽ രേഖപ്പെടുത്തണമെന്ന് സ്വകാര്യ ഉപഗ്രഹ ടിവി ചാനലുകൾക്ക് വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം നിർദ്ദേശം നൽകി. ദുരന്തമോ പ്രകൃതിക്ഷോഭമോ ഉണ്ടായ ദിവസം മുതലുള്ള ദൃശ്യങ്ങൾ ആവർത്തിച്ച് കാണിക്കുന്നത് അനാവശ്യമായ ആശയക്കുഴപ്പത്തിനും കാഴ്ചക്കാർക്കിടയിൽ പരിഭ്രാന്തി സൃഷ്ടിക്കാനും ഇടയാക്കുമെന്ന് മന്ത്രാലയം പറഞ്ഞു. ഇത്തരം ദൃശ്യങ്ങൾ സംപ്രേക്ഷണം ചെയ്യുമ്പോൾ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

***************************

## ചാലിയാർ - തെരച്ചിൽ

വയനാട് ഉരുൾപൊട്ടലിൽ കാണാതായവർക്കുവേണ്ടിയുള്ള തെരച്ചിൽ മലപ്പുറം ജില്ലയിലെ ചാലിയാറിലെ വിവിധ ഭാഗങ്ങളിൽ പുരോഗമിക്കുന്നു. മുണ്ടേരി ഫാം മുതൽ പരപ്പൻപാറ വരെയുള്ള പ്രദേശങ്ങളിലാണ് പരിശോധന. മൃതദേഹങ്ങൾ തിരിച്ചറിയുന്നതിനായി ശേഖരിച്ച ഡി.എൻ.എ. സാമ്പിളുകളുടെ ഫലം ഉടൻ പൂർത്തിയാകും. കാണാതായവരുടെ ബന്ധുക്കളിൽ നിന്നു ശേഖരിച്ച രക്തസാമ്പിളുകൾ ക്രോസ് മാച്ച് ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്.

RNU TVPM

***************************

## വിദഗ്ധ സംഘം

വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ അഞ്ചംഗ വിദഗ്ധസംഘം പരിശോധന ആരംഭിച്ചു. ദേശീയ ഭൗമശാസ്ത്രപഠനകേന്ദ്രത്തിലെ മുതിർന്ന ശാസ്ത്രജ്ഞനായ ജോൺ മത്തായി ഉൾപ്പടെയുള്ളവർ സംഘത്തിലുണ്ട്. ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിലെയും അനുബന്ധ

മേഖലകളിലേയും അപകടസാധ്യതകൾ സംഘം പരിശോധിക്കും. ദുരന്ത സാഹചര്യവും ഉരുൾപൊട്ടലിൽ എന്തെല്ലാം പ്രതിഭാസങ്ങളാണു സംഭവിച്ചതെന്നും വിലയിരുത്തിയ ശേഷം റിപ്പോർട്ട് സർക്കാരിനു സമർപ്പിക്കും. പ്രദേശത്തെ അനുയോജ്യമായ ഭൂവിനിയോഗവും വിദഗ്ധസംഘം ശുപാർശ ചെയ്യും.

**************************

## ദുരിതാശ്വാസ ക്യാമ്പുകൾ

മേപ്പാടിയിൽ ഇന്നലെ രാത്രിയിൽ ശക്തമായ മഴ പെയ്തതിനെ തുടർന്ന് വീണ്ടും ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. ചെമ്പ്ര മലയുടെ താഴ്വാര പ്രദേശങ്ങളിൽ താമസിക്കുന്ന 200 ഓളം കുടുംബങ്ങളെയാണ് മാറ്റിപ്പാർപ്പിച്ചത്. കോട്ടനാട് സ്കൂളിലും ചുണ്ടേൽ സ്കൂളിലുമാണ് ക്യാമ്പുകൾ ആരംഭിച്ചത്. പുലർച്ചയോടെ മഴക്ക് ശമനമായി.

RNU TVPM

**************************

## ഗവർണർ ... ഇൻട്രോ

വയനാട് ഉരുൾപൊട്ടൽ ബാധിതരെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികളാണ് ആവശ്യമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. രാജ്യമൊന്നാകെ വയനാടിനൊപ്പമുണ്ടെന്നും ഗവർണർ പറഞ്ഞു.

( വോയിസ് ഗവർണർ )

**************************

## വിലങ്ങാട് ക്യാമ്പ്

കോഴിക്കോട് വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ രേഖകൾ നഷ്ടപ്പെട്ടവർക്കായി വെള്ളിയാഴ്ച പ്രത്യേക അദാലത്ത് സംഘടിപ്പിക്കും. അദാലത്തിൽ വെച്ചുതന്നെ കഴിയുന്നത്ര രേഖകൾ

പുനഃസൃഷ്ടിച്ചു നൽകാനാണ് ശ്രമം. റവന്യൂ, സിവിൽ സപ്ലൈസ്, വിദ്യാഭ്യാസം, മോട്ടോർ വാഹനം, സാമൂഹ്യനീതി, തദ്ദേശസ്വയംഭരണം, കൃഷി, രജിസ്ട്രേഷൻ തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ക്യാമ്പിൽ ഉണ്ടാവും. പ്രത്യേക അദാലത്ത് ഉരുൾപൊട്ടലിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് വേണ്ടി മാത്രമാണെന്നും അല്ലാത്ത അപേക്ഷകൾ സ്വീകരിക്കില്ലെന്നും അധികൃതർ അറിയിച്ചു.

************************

## വി.ഡി സതീശൻ - മുഖ്യമന്ത്രി

സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ഉണ്ടാകുന്ന ഉരുൾപൊട്ടലിന് ശാശ്വത പരിഹാരം കാണണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. ഉരുൾപൊട്ടലുണ്ടായ കോഴിക്കോട്ടെ വിലങ്ങാടിന് പ്രത്യേക പാക്കേജ് വേണമെന്നാവശ്യപ്പെട്ട് അദ്ദേഹം മുഖ്യമന്ത്രിക്ക് കത്ത് നൽകി. വയനാട് പുനരധിവാസത്തെ കുറിച്ചും വിലങ്ങാട് പാക്കേജിനെ കുറിച്ചും മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയതായി പ്രതിപക്ഷ നേതാവ് മാധ്യമങ്ങളോട് പറഞ്ഞു.

RNUTVPM

************************

## ഓണച്ചന്ത

സപ്ലൈകോ ഓണച്ചന്തകൾ അടുത്തമാസം നാലിന് തുടങ്ങുന്നത് സംബന്ധിച്ച് ചർച്ചനടത്താൻ മന്ത്രി ജി ആർ അനിലിൻറെ നേതൃത്വത്തിൽ നാളെ യോഗം ചേരും. ഓണക്കാലത്ത് വിലക്കയറ്റവും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനുള്ള യോഗം ഇന്നും ചേരുന്നുണ്ട്. കളക്ടർമാർ, ഭക്ഷ്യ സെക്രട്ടറി, സിവിൽ സപ്ലൈസ് കമ്മിഷണർ, സപ്ലൈക്കോ CMD, ലീഗൽ മെട്രോളജി അധികൃതർ, ജില്ലാ സപ്ലൈ ഓഫീസർമാർ എന്നിവർ പങ്കെടുക്കും.

************************

## എൻഫോഴ്സമെൻ്റ് ഡ്രൈവ്

ഓണത്തോടനുബന്ധിച്ച് സ്പിരിറ്റ് കടത്ത്, വ്യാജമദ്യ ഉത്പാദനം - വിപണനം, മയക്ക് മരുന്നു കടത്ത്, എന്നിവ തടയുന്നതിനായി നാളെ മുതൽ സെപ്റ്റംബർ 20 വരെ എക്സൈസ് വകുപ്പ് പ്രത്യേക പരിശോധന സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം , സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു. അതിർത്തികളിലും , ചെക്ക് പോസ്റ്റുകളിലും വാഹന പരിശോധനയും പട്രോളിങ്ങും കൂടുതൽ ശക്തമാക്കിയിട്ടുണ്ട്.

***************************

## സംസ്കാരം - പരിശീലകൻ

അന്തരിച്ച, കാലിക്കറ്റ് സർവകലാശാല മുൻ അത്ലറ്റിക് പരിശീലകൻ കെ എൻ ശിവശങ്കര കൈമളിന്റെ സംസ്കാരം ഇന്ന് വൈകിട്ട് നടക്കും . പാമ്പാടി ഐവർമഠത്തിലാണ് സംസ്കാര ചടങ്ങുകൾ. ഇന്നലെ എറണാകുളത്തായിരുന്നു അന്ത്യം. 1970 മുതൽ 2003 വരെ കാലിക്കറ്റ് സർവകലാശാല അത്ലറ്റിക് പരിശീലകനായി സേവനമനുഷ്ഠിച്ചിരുന്നു. അഖിലേന്ത്യാ തലത്തിൽ 21 തവണ കാലിക്കറ്റ് സർവകലാശാലയെ ചാമ്പ്യന്മാരാക്കി. പി ടി ഉഷ , എം ഡി വത്സമ്മ , മെഴ്സികുട്ടൻ , അഞ്ചു ബോബി ജോർജ് ഉൾപ്പെടെയുള്ള താരങ്ങളെ പരിശീലിപ്പിച്ചിട്ടുണ്ട് .

***************************

## മിത്രകീടമുട്ടകൾ... ഇൻട്രോ

നെൽക്കർഷകർക്ക് ഭീഷണിയായ ഓലചുരുട്ടിപ്പുഴുവിനെ നശിപ്പിക്കാൻ സഹായിക്കുന്ന കടന്നൽ വർഗ്ഗത്തിൽപ്പെട്ട മിത്രകീടമുട്ടകൾ നിക്ഷേപിക്കുന്ന പദ്ധതിക്ക് കൊല്ലം ചിറക്കരയിൽ തുടക്കമായി. ചിറക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു.

RNU TVPM

വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ...........

(വോയ്സ്)

**************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പത്തനംതിട്ട, ഇടുക്കി, ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ആലപ്പുഴ, കാസർഗോഡ് ഒഴികെയുള്ള 10 ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. തെക്കൻ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 16 വരെ മത്സ്യബന്ധനം വിലക്കി.

RNU TVPM

**************************

## പാരിസ് ഒളിമ്പിക്സ് - സ്വീകരണം

പാരിസ് ഒളിമ്പിക്സിൽ പങ്കെടുത്ത ഇന്ത്യൻ താരങ്ങൾക്ക് ന്യൂഡൽഹിയിൽ ഉജ്ജ്വല വരവേൽപ്പ്. മലയാളിയും ഇന്ത്യൻ ഹോക്കി ടീം ഗോൾ കീപ്പറുമായ P.R ശ്രീജേഷ് അടക്കമുള്ള താരങ്ങൾക്ക് വിമാനത്താവളത്തിനു പുറത്ത് ആവേശോജ്വല സ്വീകരണമാണ് നൽകിയത്. വെങ്കല മെഡൽ നേടിയ ഹോക്കി താരങ്ങളെ കാണാൻ നിരവധി ആരാധകരാണ് എത്തിയത്. രാജ്യം മുഴുവൻ ഈ വിജയത്തിൽ അഭിമാനിക്കുന്നതായി ടീം പ്രതിനിധികൾ മാധ്യമങ്ങളോട് പറഞ്ഞു.

**************************

## സുബ്രതോ മുഖർജി ഫുട്ബോൾ

ലക്ഷദ്വീപിലെ കവരത്തി ദ്വീപിൽ നടന്ന നാൽപതാമത് സുബ്രതോ മുഖർജി ഫുഡ്ബോൾ ടൂർണമെന്റിൽ ആന്ത്രോത്ത് ദ്വീപ്

ചാംപ്യൻമാരായി. സമനിലയിൽ കളി അവസാനിച്ചശേഷം പെനാൽട്ടി ഷൂട്ടൗട്ടിലൂടെയാണ് ആന്ത്രോത്ത് ദ്വീപിന്റെ ജയം. 9 ദ്വീപുകളാണ് ടൂർണമെന്റിൽ മത്സരിച്ചത്. വിദ്യാഭ്യാസ, കായിക – യുവജനക്ഷേമ വകുപ്പ് സെക്രട്ടറി അവനീഷ് കുമാർ വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു.

**************************

## ഐ എസ് ആർ ഒ

ഐ എസ് ആർ ഒ രൂപകല്പന ചെയ്ത ഭൗമ നിരീക്ഷണ ഉപഗ്രഹ മായ EOS - 08 ന്റെ വിക്ഷേപണം ഈ മാസം 16 ന് നടക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെൻററിൽ നിന്ന് രാവിലെ 9 .17 നാണ് വിക്ഷേപണം. ഈ മാസം 15 നു വിക്ഷേപണം നടക്കുമെന്നായിരുന്നു നേരത്തെ അറിയിച്ചിരുന്നത്.

PNU TVPM

**************************

## റെയ്ഡ്

കൊച്ചിയിൽ മാവോയിസ്റ്റ് നേതാവ് മുരളി കണ്ണമ്പിള്ളിയുടെ മകൻറെ വീട്ടിൽ NIA യുടെ നേതൃത്വത്തിൽ റെയ്ഡ് നടന്നു. ഹൈദരാബാദിലെ ഒരു കേസുമായി ബന്ധപ്പെട്ടാണ് റെയ്ഡ് നടക്കുന്നതെന്നാണ് സൂചന. എട്ടുപേര് അടങ്ങുന്ന ഉദ്യോഗസ്ഥ സംഘമാണ് എത്തിയത്.

**************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 189 പോയിൻറ് താഴ്ന്ന് 79,459 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 53 പോയിൻറ് നഷ്ടത്തിൽ 24,293 ലും

വ്യാപാരം തുടരുന്നു. സ്വർണവില കൂടി. ഗ്രാമിന് 95 രൂപ വർധിച്ച് 6,565 ഉം പവന് 52,520 രൂപയുമാണ് ഇന്നത്തെ വില .

**********************************************************************************

RNU TVPM